**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1145** **12-06-2024 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. എം. വിൻസെന്റ്,<br>ശ്രീ. സി. ആർ. മഹേഷ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കാലാവസ്ഥ വ്യതിയാനം, കടൽക്ഷോഭം, മത്സ്യലഭ്യതക്കുറവ് തുടങ്ങിയ പ്രതികൂല കാരണങ്ങളാൽ മത്സ്യത്തൊഴിലാളി സമൂഹം കടുത്ത പ്രതിസന്ധി നേരിടുന്ന സാഹചര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | ഉണ്ട്. മുൻ കാലങ്ങളെ അപേക്ഷിച്ച് കടൽ മത്സ്യത്തിന്റെ ലഭ്യത 2023-24 ൽ കുറഞ്ഞതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2022-2023 ൽ കടൽ മത്സ്യ ഉല്പാദനം 6.90 ലക്ഷം ടൺ ആയി വർദ്ധിച്ചിരുന്നു. എന്നാൽ 2023-24 ൽ കടൽ മത്സ്യലഭ്യത 5.81 ലക്ഷം ടണ്ണായി കുറഞ്ഞിട്ടുണ്ട്. കള്ളക്കടൽ പോലുള്ള പ്രതിഭാസങ്ങളും കാലാവസ്ഥാ മുന്നറിയിപ്പ് മൂലം മത്സ്യത്തൊഴിലാളികൾക്ക് കടലിൽ പോകാൻ കഴിയാത്തതും , കാലാവസ്ഥ യിലുണ്ടാകുന്ന വ്യതിയാനങ്ങളും അത്യുഷ്ണവുമാകാം മത്സ്യലഭ്യതയിൽ കുറവുണ്ടായതിന് കാരണം എന്നാണ് നിലവിൽ അനുമാനിക്കുന്നത്. കഴിഞ്ഞ 10 വർഷത്തെ കണക്കുകൾ പരിശോധിയ്ക്കുമ്പോൾ കടൽ മത്സ്യലഭ്യതയിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകുന്നതായി കാണാൻ കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ പത്ത് വർഷത്തെ കടൽ മത്സ്യലഭ്യതയുടെ കണക്ക് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രതികൂല കാലാവസ്ഥ മൂലം ബുദ്ധിമുട്ട് അനുഭവിക്കുന്ന മത്സ്യത്തൊഴിലാളി സമൂഹത്തിനു ആശ്വാസം നൽകാൻ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ; | (ബി) | 2020-21 ൽ കാലാവസ്ഥാ മുന്നറിയിപ്പ് മൂലം തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ടതിന് നഷ്ടപരിഹാരമായി ആകെ 36.126 കോടി വിതരണം ചെയ്തു. കടൽ, ഉൾനാടൻ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 2000 രൂപ വീതവും അനുബന്ധ തൊഴിലാളികൾക്ക് 1000 രൂപ വീതവുമാണ് അനുവദിച്ചിട്ടുള്ളത്.<br><br>ടൗട്ടേ ചുഴലിക്കാറ്റ് മുന്നറിയിപ്പിനെ തുടർന്ന് കടൽ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തിയ കാലയളവിൽ കടൽ മത്സ്യത്തൊഴിലാളികൾക്കും, അനുബന്ധ തൊഴിലാളികൾക്കും ഒരു കുടുംബത്തിന് 1200 രൂപ വീതം കണക്കാക്കി 18.36 കോടി രൂപ വിതരണം ചെയ്തു. 124970 കടൽ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും അനുബന്ധതൊഴിലാളി കുടുംബങ്ങൾക്കും ഈ ആനുകൂല്യം ലഭ്യമായി. |

| | | | |
|---|---|---|---|
| | | | കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ മത്സ്യബന്ധനദിനങ്ങൾ നഷ്ടപ്പെട്ടത് പരിഗണിച്ച് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 240211 മത്സ്യത്തൊഴിലാളികൾക്കും 84531 അനുബന്ധതൊഴിലാളികൾക്കും 1000 രൂപ വീതം കണക്കാക്കി ആകെ 32.47 കോടി രൂപ അനുവദിച്ചു.<br><br>2021 ഒക്ടോബർ, നവംബർ മാസങ്ങളിലുണ്ടായ കാലവർഷത്തെ തുടർന്നുള്ള മത്സ്യബന്ധന വിലക്കുള്ള കാലയളവിൽ മത്സ്യത്തൊഴിലാളി അനുബന്ധ തൊഴിലാളികൾക്കായി ആകെ 47.84 കോടി രൂപ വിതരണം ചെയ്തു. ഒരു കുടുംബത്തിന് 3000 രൂപ വീതം കണക്കാക്കി ആകെ 159481 കുടുംബങ്ങൾക്ക് ധനസഹായം ലഭ്യമാക്കി.<br><br>2022 ഏപ്രിൽ, മേയ്, ജൂലൈ, ഓഗസ്റ്റ് മാസങ്ങളിലായി അതിതീവ്ര ന്യൂനമർദ്ദ ചുഴലിക്കാറ്റ് മൂലം ആകെ 15 മത്സ്യബന്ധന ദിനങ്ങൾ നഷ്ടപ്പെട്ടതിന് ഒരു കുടുംബത്തിന് ഒരു ദിവസം 200/- രൂപ വീതം കണക്കാക്കി 131347 സമുദ്ര മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും 35409 അനുബന്ധ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും ഉൾപ്പെടെ ആകെ 166756 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് നഷ്ടപരിഹാരമായി 50.027 കോടി രൂപ അനുവദിച്ചു. |
| (സി) | ട്രോളിംഗ് നിരോധനം ഏർപ്പെടുത്തുന്ന കാലത്ത് മത്സ്യത്തൊഴിലാളികൾക്ക് ഉപജീവനത്തിനായി ധനസഹായം നൽകുമോ; വിശദമാക്കാമോ? | (സി) | ട്രോളിംഗ് നിരോധന കാലത്ത് തൊഴിൽ നഷ്ടപ്പെടുന്ന യന്ത്രവൽകൃത മത്സ്യബന്ധന യാനങ്ങളിലെ മത്സ്യത്തൊഴിലാളികൾക്കും, അനുബന്ധതൊഴിലാളികൾക്കും, പീലിംഗ് തൊഴിലാളികൾക്കും സൗജന്യ റേഷൻ നൽകി വരുന്നുണ്ട്. സമ്പാദ്യ സമാശ്വാസ പദ്ധതിയിൻകീഴിൽ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും ഈ കാലയളവിൽ 4500/- രൂപ ധനസഹായം നൽകി വരുന്നുണ്ട്. ഇതിൽ 1500/- രൂപ കേന്ദ്ര സർക്കാർ വിഹിതവും, 1500/ രൂപ സംസ്ഥാന സർക്കാർ വിഹിതവും, 1500/- രൂപ ഗുണഭോക്തൃ വിഹിതവുമാണ്. ആയതിൽ മെയ് മാസം നൽകേണ്ടതായ 1500/- രൂപ അനുവദിക്കുകയും ജില്ലകളിൽ വിതരണം ചെയ്തു വരുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

| വർഷം | കടൽ മത്സ്യ ഉത്പാദനം (ലക്ഷം മെട്രിക് ടൺ) |
|---|---|
| 2014-15 | 5.24 |
| 2015-16 | 5.16 |
| 2016-17 | 4.88 |
| 2017-18 | 4.83 |
| 2018-19 | 6.09 |
| 2019-20 | 4.75 |
| 2020-21 | 3.91 |
| 2021-22 | 6.01 |
| 2022-23 | 6.90 |
| 2023-24 | 5.81 |